**മധുരമായ കുട്ടികളേ - ഓർമ്മയിലൂടെ വികർമ്മം വിനാശമാകുന്നു, സാക്ഷാത്ക്കാരത്തിലൂടെയല്ല. സാക്ഷാത്ക്കാരം നയാ പൈസയുടെ കളിയാണ്, അതുകൊണ്ട് സാക്ഷാത്ക്കാരത്തിലേക്ക് പോകുന്നതിനുള്ള ആഗ്രഹം വയ്ക്കരുത്**

**ചോദ്യം:-** മായയുടെ ഭിന്ന-ഭിന്ന രൂപങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ബാബ എല്ലാ കുട്ടികൾക്കും ഏതൊരു മുന്നറിയിപ്പ് നൽകുന്നു?

**ഉത്തരം:-** മധുരമായ കുട്ടികളേ, സാക്ഷാത്ക്കാരത്തിനുള്ള ആഗ്രഹം വയ്ക്കരുത്. ജ്ഞാന-യോഗത്തിൽ സാക്ഷാത്ക്കാരത്തിന് ഒരു ബന്ധവുമില്ല. മുഖ്യമായുള്ളത് പഠിത്തമാണ്. ചിലർ സാക്ഷാത്ക്കാരത്തിലേക്ക് പോയി പറയുന്നു എന്നിൽ മമ്മ വന്നു, ബാബ വന്നു. ഇതെല്ലാം സൂക്ഷ്മ മായയുടെ സങ്കൽപങ്ങളാണ്, ഇതിൽ വളരെ ജാഗ്രതയോടെ കഴിയണം. മായ പല കുട്ടികളിലും പ്രവേശിച്ച് തെറ്റായ കാര്യങ്ങൾ ചെയ്യിക്കുന്നുണ്ട് അതുകൊണ്ട് സാക്ഷാത്ക്കാരത്തിന്റെ ആശ വയ്ക്കരുത്.

**ഓം ശാന്തി.** മധുര-മധുരമായ ആത്മീയ കുട്ടികൾ ഇത് മനസ്സിലാക്കിയിരിക്കുന്നു അതായത് ഒരു വശത്ത് ഭക്തിയാണ്, മറുവശത്ത് ജ്ഞാനമാണ്. ഭക്തിയാണെങ്കിൽ അനേകമുണ്ട് പഠിപ്പിക്കുന്നവരും അനേകമുണ്ട്. ശാസ്ത്രവും പഠിപ്പിക്കുന്നുണ്ട്, മനുഷ്യരും പഠിപ്പിക്കുന്നുണ്ട്. ഇവിടെ ഒരു ശാസ്ത്രവുമില്ല, മനുഷ്യനുമില്ല. ഇവിടെ പഠിപ്പിക്കുന്നത് ഒരേ ഒരു ആത്മീയ പിതാവാണ് ആ പിതാവ് ആത്മാക്കൾക്ക് മനസ്സിലാക്കി തരുന്നു. ആത്മാവ് തന്നെയാണ് ധാരണ ചെയ്യുന്നത്. പരംപിതാ പരമാത്മാവിൽ ഈ മുഴുവൻ ജ്ഞാനവുമുണ്ട്, 84-ന്റെ ചക്രത്തിന്റെ ജ്ഞാനം ബാബയിലുണ്ട്, അതുകൊണ്ട് ബാബയെയും സ്വദർശന ചക്രധാരിയെന്ന് പറയാൻ സാധിക്കും. നമ്മൾ കുട്ടികളെയും ബാബ സ്വദർശന ചക്രധാരിയാക്കികൊണ്ടിരിക്കുന്നു. ബാബയും ബ്രഹ്മാ ശരീരത്തിലുണ്ട് അതുകൊണ്ട് ബാബയെ ബ്രാഹ്മണനെന്നും പറയാൻ സാധിക്കും. നമ്മൾ ആ ബാബയുടെ കുട്ടികൾ ബ്രാഹ്മണനിൽ നിന്ന് ദേവതയാകുന്നു. ഇപ്പോൾ ബാബയിരുന്ന് ഓർമ്മയുടെ യാത്ര പഠിപ്പിക്കുന്നു, ഇതിൽ ഹഠയോഗം തുടങ്ങിയവയുടെ ഒരു കാര്യവുമില്ല. മനുഷ്യർ ഹഠയോഗത്തിലൂടെ സാക്ഷത്ക്കാരം മുതലായവയിലേക്ക് പോകുന്നു. ഇത് വലിയ കാര്യമൊന്നുമല്ല. സാക്ഷാത്ക്കാരത്തിന് മഹത്വമൊന്നുമില്ല. സാക്ഷാത്ക്കാരം നയാ പൈസയുടെ കളിയാണ്. നിങ്ങൾ ഒരിക്കലും ആരോടും ഇങ്ങനെ പറയരുത് ഞങ്ങൾ സാക്ഷാത്ക്കാരത്തിലേക്ക് പോകുന്നുണ്ട് എന്തുകൊണ്ടെന്നാൽ ഇന്നത്തെ കാലത്ത് വിദേശത്തെല്ലാം ധാരാളം പേർ സാക്ഷാത്ക്കാരത്തിലേക്ക് പോകുന്നുണ്ട്. സാക്ഷാത്ക്കാരത്തിലേക്ക് പോകുന്നതിലൂടെ അവർക്കും യാതൊരു പ്രയോജനമില്ല, നിങ്ങൾക്കും യാതൊരു പ്രയോജനമില്ല. ബാബ അറിവ് നൽകിയിട്ടുണ്ട്. സാക്ഷാത്ക്കാരത്തിൽ ഓർമ്മയുടെ യാത്രയുമില്ല, ജ്ഞാനവുമില്ല. സാക്ഷാത്ക്കാരം അഥവ ധ്യാനത്തിലേക്ക് പോകുന്നവർ ഒരിക്കലും ഒരു ജ്ഞാനവും കേൾക്കില്ല, പാപവും ഭസ്മമാകില്ല. സാക്ഷാത്ക്കാരത്തിൻ യാതൊരു മഹത്വവുമില്ല. കുട്ടികൾ യോഗം വയ്ക്കുന്നു, അതിനെ സാക്ഷാത്ക്കാരമെന്ന് പറയില്ല. ഓർമ്മയിലൂടെ വികർമ്മം വിനാശമാകും. സാക്ഷാത്ക്കാരത്തിൽ വികർമ്മം നശിക്കുന്നില്ല. ബാബ മുന്നറിയിപ്പ് നൽകുകയാണ് കുട്ടികളെ സാക്ഷാത്ക്കാരത്തിന്റെ ആശ വയ്ക്കരുത്.

നിങ്ങൾക്കറിയാം ഈ സന്യാസികൾ മുതലായവർക്ക് ജ്ഞാനം അപ്പോഴാണ് ലഭിക്കുന്നത് എപ്പോഴാണോ വിനാശത്തിന്റെ സമയമാകുന്നത്. ഇനി നിങ്ങൾ അവർക്ക് ഇങ്ങനെയുള്ള ക്ഷണം നൽകികൊണ്ടേയിരിക്കൂ എന്നാൽ ഈ ജ്ഞാനം അവരുടെ കലശത്തിൽ അത്ര പെട്ടെന്ന് വരില്ല. എപ്പോൾ വിനാശം മുന്നിൽ കാണുന്നോ അപ്പോൾ വരും. മനസ്സിലാക്കും ഇപ്പോൾ മരണം വന്നു കഴിഞ്ഞു. എപ്പോൾ സമീപത്ത് കാണുന്നോ അപ്പോൾ അംഗീകരിക്കും. അവരുടെ പാർട്ട് തന്നെ അന്തിമത്തിലാണ്. നിങ്ങൾ പറയുന്നു ഇപ്പോൾ വിനാശം വന്നു കഴിഞ്ഞു, മരണം സംഭവിക്കണം. അവർ കരുതുന്നത് ഇത് ഇവരുടെ നുണയാണെന്നാണ്.

നിങ്ങളുടെ വൃക്ഷം പതുക്കെ-പതുക്കെ വളരുന്നു. സന്യാസിമാരോട് കേവലം പറയണം ബാബയെ ഓർമ്മിക്കൂ. ഇതും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് നിങ്ങൾക്ക് കണ്ണടയ്ക്കേണ്ടതില്ല. കണ്ണുകൾ അടയ്ക്കുകയാണെങ്കിൽ എങ്ങനെ ബാബയെ കാണും. നമ്മൾ ആത്മാവാണ്, പരംപിതാ പരമാത്മാവിന്റെ മുന്നിൽ ഇരിക്കുകയാണ്. ബാബയെ കാണാൻ കഴിയില്ല, എന്നാൽ ഈ ജ്ഞാനം ബുദ്ധിയിലുണ്ട്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് പരംപിതാ പരമാത്മാവ് നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് - ഈ ശരീരത്തിന്റെ ആധാരത്തിലൂടെ. സാക്ഷാത്ക്കാരം മുതലായവയുടെ കാര്യം തന്നെയില്ല.

സാക്ഷാത്ക്കാരത്തിലേക്ക് പോകുന്നത് ഒരു വലിയ കാര്യമല്ല. ഈ ഭോഗ് വയ്ക്കുന്നതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. സേവകരായി ഭോഗ് വച്ച് വരുന്നു. ഏതുപോലെയാണോ സേവകർ വലിയ ആളുകളെ കഴിപ്പിക്കുന്നത്. നിങ്ങളും സേവകരാണ്, ദേവതകൾക്ക് പ്രസാദമർപ്പിക്കാൻ പോകുന്നു. അവർ ഫരിസ്തകളാണ്. അവിടെ മമ്മയെയും ബാബയെയും കാണുന്നു. ആ സമ്പൂർണ്ണ മൂർത്തികളും ലക്ഷ്യമാണ്. അവരെ ഇതുപോലെ ഫരിസ്തയാക്കി മാറ്റിയത് ആരാണ് ? ബാക്കി സാക്ഷാത്ക്കാരത്തിലേക്ക് പോകുന്നത് ഒരു വലിയ കാര്യമല്ല. ഏതുപോലെയാണോ ഇവിടെ ശിവബാബ നിങ്ങളെ പഠിപ്പിക്കുന്നത്, ഇതുപോലെ അവിടെയും ശിവബാബ ഇദ്ദേഹത്തിലൂടെ എന്തെങ്കിലും മനസ്സിലാക്കി കൊടുക്കും. സൂക്ഷമവതനത്തിൽ എന്താണ് നടക്കുന്നത്, ഇത് കേവലം അറിയുകയാണ് വേണ്ടത്. ബാക്കി സാക്ഷാത്ക്കാരം മുതലായവയ്ക്ക് യാതൊരു മഹത്വവും നൽകേണ്ടതില്ല. ആർക്കെങ്കിലും സാക്ഷാത്ക്കാരം കാണിച്ച് കൊടുക്കുക – ഇതും കുട്ടിക്കളിയാണ്. ബാബ എല്ലാവരെയും ജാഗ്രതപ്പെടുത്തുകയാണ്– സാക്ഷാത്ക്കാരത്തിലേക്ക് പോകരുത്, ഇതിൽ പോലും പലപ്പോഴായി മായ പ്രവേശിക്കുന്നു.

ഇത് പഠിത്തമാണ്, കല്പ-കല്പം ബാബ വന്ന് നിങ്ങളെ പഠിപ്പിക്കുന്നു. ഇപ്പോൾ സംഗമയുഗമാണ്. നിങ്ങൾക്ക് ട്രാൻസ്ഫറാകണം. ഡ്രാമയുടെ പദ്ധതിയനുസരിച്ച് നിങ്ങൾ ഭാഗം അഭിനയിച്ചുകൊണ്ടിരിക്കുന്നു, പാർട്ടിന് മഹിമയുണ്ട്. ബാബ വന്ന് പഠിപ്പിക്കുന്നു ഡ്രാമയനുസരിച്ച്. നിങ്ങൾക്ക് ബാബയിൽ നിന്ന് ഒരു പ്രാവശ്യം പഠിച്ച് മനുഷ്യനിൽ നിന്ന് തീർച്ചയായും ദേവതയാകണം. ഇതിൽ കുട്ടികൾക്ക് സന്തോഷമുണ്ടാകുന്നു. നമ്മൾ ബാബയെയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തെയും അറിഞ്ഞിരിക്കുന്നു. ബാബയുടെ ശിക്ഷണം നേടി വളരെ ഹർഷിതമാകണം. നിങ്ങൾ പഠിക്കുന്നത് തന്നെ പുതിയ ലോകത്തേക്ക് വേണ്ടിയാണ്. ആ ലോകം തന്നെ ദേവതകളുടെ രാജ്യമാണ് അപ്പോൾ തീർച്ചയായും പുരുഷോത്തമ സംഗമയുഗത്തിൽ പഠിക്കേണ്ടതായുണ്ട്. നിങ്ങൾ ഈ ദുഃഖത്തിൽ നിന്ന് മുക്തമായി സുഖത്തിലേക്ക് പോകുന്നു. ഇവിടെ തമോപ്രധാനമായത് കാരണമാണ് നിങ്ങൾ രോഗിയെല്ലാമാകുന്നത്. ഈ എല്ലാ രോഗങ്ങളും ഇല്ലാതാകണം. മുഖ്യമായുള്ളത് പഠിത്തം തന്നെയാണ്, ഇതുമായി സാക്ഷാത്ക്കാരം മുതലായവയ്ക്ക് യാതൊരു ബന്ധവുമില്ല. സാക്ഷാത്ക്കാരം വലിയ കാര്യമല്ല. വളരെ സ്ഥലങ്ങളിൽ ഇങ്ങനെ സാക്ഷാത്ക്കാരത്തിലേക്ക് പോകുന്നുണ്ട്. എന്നിട്ട് പറയുന്നു മമ്മ വന്നു, ബാബ വന്നു. ബാബ പറയുന്നു ഇങ്ങനെയാതൊന്നും തന്നെയില്ല. ബാബ ഒരൊറ്റ കാര്യമാണ് മനസ്സിലാക്കി തരുന്നത് – അരകല്പമായി നിങ്ങൾ ദേഹ-അഭിമാനിയായിരിക്കുന്നു, ഇപ്പോൾ ദേഹീ-അഭിമാനിയായി ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കും, ഇതിനെയാണ് പറയുന്നത് ഓർമ്മയുടെ യാത്ര. യോഗമെന്ന് പറയുന്നതിലൂടെ യാത്രയെന്നത് വ്യക്തമാകില്ല. നിങ്ങൾ ആത്മാക്കൾക്ക് ഇവിടെ നിന്ന് പോകണം, തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകണം. നിങ്ങളിപ്പോൾ യാത്ര ചെയ്തുകൊണ്ടിരിക്കുകയാണ്. മനുഷ്യരുടെ യോഗം ഏതൊന്നാണോ അതിൽ യാത്രയുടെ കാര്യമില്ല. ഹഠയോഗികൾ അനേകമുണ്ട്. അത് ഹഠയോഗമാണ്, ഇത് ബാബയെ ഓർമ്മിക്കലാണ്. ബാബ പറയുന്നു മധുര-മധുരമായ കുട്ടികളെ സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. ഇങ്ങനെ ഒരിക്കലും ആരും മനസ്സിലാക്കി തരില്ല. ഇത് പഠിത്തമാണ്. ബാബയുടെ കുട്ടിയായി പിന്നീട് ബാബായിൽ നിന്ന് പഠിക്കണം പഠിപ്പിക്കണം. ബാബ പറയുന്നു നിങ്ങൾ മ്യൂസിയം തുറക്കൂ, എല്ലാവരും സ്വയം തന്നെ നിങ്ങളുടെ അടുത്തേക്ക് വരും. വിളിക്കേണ്ട ബുദ്ധിമുട്ട് ഉണ്ടായിരിക്കില്ല. പറയും ഈ ജ്ഞാനം വളരെ നല്ലതാണ്, ഒരിക്കലും കേട്ടിട്ടില്ല. ഇതിൽ സ്വഭാവം നല്ലതാകുകയാണ് ചെയ്യുന്നത്. മുഖ്യമായുള്ളത് പവിത്രത തന്നെയാണ്, അതിൽ തന്നെയാണ് ബഹളങ്ങൾ മുതലായവ ഉണ്ടാകുന്നത്. വളരെ പേർ തോറ്റുപോകുന്നുമുണ്ട്. നിങ്ങളുടെ അവസ്ഥ ഇങ്ങനെയുള്ളതാകുന്നു നിങ്ങൾ ഈ ലോകത്തിലിരുന്നിട്ടും ഇതിനെ കാണില്ല. കഴിച്ചും– കുടിച്ചും നിങ്ങളുടെ ബുദ്ധി ആ വശത്തായിരിക്കും. ഏതുപോലെയാണോ അച്ഛൻ പുതിയ വീടുണ്ടാക്കുകയാണെങ്കിൽ എല്ലാവരുടെയും ബുദ്ധി പുതിയ വീടിന്റെ വശത്തേക്കല്ലേ പോകുക. ഇപ്പോൾ പുതിയ ലോകം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത വീട് ഉണ്ടാക്കികൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ സ്വർഗ്ഗവാസിയാകുന്നതിനായി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ ചക്രം പൂർത്തിയായിരിക്കുന്നു. ഇപ്പോൾ നമുക്ക് വീട്ടിലേക്കും സ്വർഗ്ഗത്തിലേക്കും പോകണം അപ്പോൾ അതിന് വേണ്ടി പാവനമായും തീർച്ചയായും മാറണം. ഓർമ്മയുടെ യാത്രയിലൂടെ പാവനമാകണം. ഓർമ്മയിൽ തന്നെയാണ് വിഘ്നമുണ്ടാകുന്നത്, ഇതിൽ തന്നെയാണ് നിങ്ങളുടെ യുദ്ധം. പഠിത്തത്തിൽ യുദ്ധത്തിന്റെ കാര്യം ഉണ്ടാകുന്നില്ല. പഠിത്തം തീർത്തും സഹജമാണ്. 84-ന്റെ ചക്രത്തിന്റെ ജ്ഞാനം വളരെ സഹജമാണ്. ബാക്കി സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം, ഇതിലാണ് പരിശ്രമമുള്ളത്. ബാബ പറയുന്നു ഓർമ്മയുടെ യാത്ര മറക്കരുത്. ഏറ്റവും കുറഞ്ഞത് 8 മണിക്കൂർ തീർച്ചയായും ഓർമ്മിക്കൂ. ശരീര നിർവ്വഹാർത്ഥത്തിനായി കർമ്മവും തീർച്ചയായും ചെയ്യണം. ഉറങ്ങുകയും ചെയ്യണം. സഹജമാർഗ്ഗമല്ലേ. അഥവാ ഉറങ്ങരുതെന്ന്

പറയുകയാണെങ്കിൽ, അപ്പോൾ ഇത് ഹഠയോഗമാകും. ഹഠയോഗികൾ ധാരാളമുണ്ട്. ബാബ പറയുന്നു ആ വശത്തേക്ക് നോക്കേണ്ട, അതിലൂടെ ഒരു ലാഭവുമില്ല. എത്ര ഹഠയോഗം മുതലായവയാണ് പഠിപ്പിക്കുന്നത്. ഇതെല്ലാം മനുഷ്യ മതമാണ്. നിങ്ങൾ ആത്മാക്കളാണ്, ആത്മാവ് തന്നെയാണ് ശരീരമെടുത്ത് പാർട്ടഭിനയിക്കുന്നത്, ഡോക്ടർ മുതലായവയാകുന്നത്. എന്നാൽ മനുഷ്യർ ദേഹ-അഭിമാനിയായിരിക്കുന്നു- ഞാൻ ഇന്ന ആളാണ്..... .

ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട്- നമ്മൾ ആത്മാവാണ്. ബാബയും ആത്മാവാണ്. ഈ സമയം നിങ്ങൾ ആത്മാക്കളെ പരമപിതാവ് പഠിപ്പിക്കുന്നു അതുകൊണ്ടാണ് മഹിമയുള്ളത്- ആത്മാക്കളും പരമാത്മാവും വളരെക്കാലം വേർപെട്ടിരുന്നു.... കൽപ-കൽപം കണ്ടുമുട്ടുന്നു. ബാക്കി മുഴുവൻ എത്ര ലോകരുണ്ടോ, അവരെല്ലാവരും ദേഹ-അഭിമാനത്തിലേക്ക് വന്ന് ദേഹമെന്ന് കരുതിയാണ് പഠിക്കുന്നതും പഠിപ്പിക്കുന്നതും. ബാബ പറയുന്നു ഞാൻ ആത്മാക്കളെയാണ് പഠിപ്പിക്കുന്നത്. ജഡ്ജി, വക്കീൽ തുടങ്ങിയതെല്ലാം ആത്മാവാണാകുന്നത്. നിങ്ങൾ ആത്മാവ് സതോപ്രധാനം പവിത്രമായിരുന്നു പിന്നീട് നിങ്ങൾ പാർട്ടഭിനയിച്ചഭിനയിച്ച് എല്ലാവരും പതിതമായിരിക്കുന്നു അപ്പോഴാണ് വിളിക്കുന്നത് ബാബ വന്ന് ഞങ്ങളെ പാവനാത്മാവാക്കൂ. ബാബയാണെങ്കിൽ സദാ പാവനമാണ്. ഈ കാര്യങ്ങൾ എപ്പോൾ കേൾക്കുന്നോ അപ്പോഴാണ് ധാരണയാകുന്നത്. നിങ്ങൾ കുട്ടികൾക്ക് ധാരണയുണ്ടാകുന്നു അങ്ങനെ നിങ്ങൾ ദേവതയാകുന്നു. മറ്റാരുടെയും ബുദ്ധിയിൽ ഇരിക്കുകയില്ല എന്തുകൊണ്ടെന്നാൽ ഇത് പുതിയ കാര്യമാണ്. ഇതാണ് ജ്ഞാനം. അതാണ് ഭക്തി. നിങ്ങളും ഭക്തി ചെയ്ത്-ചെയ്ത് ദേഹ-അഭിമാനിയായി തീരുന്നു. ഇപ്പോൾ ബാബ പറയുന്നു - കുട്ടികളെ, ആത്മ-അഭിമാനിയാകൂ. നമ്മൾ ആത്മാക്കളെ ബാബ ഈ ശരീരത്തിലൂടെ പഠിപ്പിക്കുന്നു. ഓരോ നിമിഷവും ഓർമ്മ വയ്ക്കൂ ഈ ഒരൊറ്റ സമയത്താണ് ആത്മാക്കളുടെ അച്ഛൻ പരംപിതാവ് പഠിപ്പിക്കുന്നത്. ബാക്കി മുഴുവൻനാടകത്തിലും എവിടെയും പാർട്ടില്ല, ഈ സംഗമയുഗത്തിലല്ലാതെ അതുകൊണ്ട് ബാബ വീണ്ടും പറയുന്നു മധുര-മധുരമായ കുട്ടികളെ സ്വയം ആത്മാവെന്ന് നിശ്ചയിക്കൂ, ബാബയെ ഓർമ്മിക്കൂ. ഇത് വളരെ ഉയർന്ന യാത്രയാണ്- കയറുകയാണെങ്കിൽ വൈകുണ്ഢ രസം നുകരാം. വികാരത്തിലേക്ക് വീഴുന്നതിലൂടെ തീർത്തും തവിട് പൊടിയാകുന്നു. എങ്കിലും സ്വർഗ്ഗത്തിൽ വരും, എന്നാൽ പദവി വളരെ കുറഞ്ഞതായിരിക്കും. ഇത് രാജധാനിയാണ് സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ കുറഞ്ഞ പദവിയുള്ളവരും വേണം, എല്ലാവരും ജ്ഞാത്തിലൂടെ നടക്കില്ല. അങ്ങനെയാണെങ്കിൽ ബാബയ്ക്ക് വളരെ കുട്ടികളെ ലഭിക്കണം. അഥവ ലഭിക്കുന്നുണ്ടെങ്കിൽ അൽപ സമയത്തേക്കാണ്. നിങ്ങൾ മാതാക്കൾക്ക് വളരെ മഹിമയുണ്ട്, വന്ദേമാതരം എന്നും പാടുന്നുണ്ട്. ജഗദമ്പയുടെ എത്ര വലിയ മേളയാണ് നടക്കുന്നത് കാരണം വളരെ സേവനം ചെയ്തിട്ടുണ്ട്. ആരാണോ വളരെ സേവനം ചെയ്യുന്നത് അവർ വലിയ രാജാവാകുന്നു. ദിൽവാഡാ ക്ഷേത്രത്തിൽ നിങ്ങളുടെ തന്നെ ഓർമ്മചിഹ്നമാണുള്ളത്. നിങ്ങൾ കന്യകൾക്ക് വളരെ സമയം കണ്ടെത്തണം. നിങ്ങൾ ഭക്ഷണം മുതലായവ ഉണ്ടാക്കുകയാണെങ്കിൽ വളരെ ശുദ്ധമായ ഭക്ഷണം ഓർമ്മയിലിരുന്ന് ഉണ്ടാക്കണം, അത് ആരെ കഴിപ്പിക്കുകയാണെങ്കിലും അവരുടെയും ഹൃദയം ശുദ്ധമാകണം. ഇങ്ങനെയുള്ള ഭക്ഷണം ലഭിച്ചിട്ടുള്ള വളരെ കുറച്ച് പേരേ ഉണ്ടാകൂ. തന്നോട് ചോദിക്കൂ ഞാൻ ശിവബാബയുടെ ഓർമ്മയിലിരുന്നാണോ ഭക്ഷണമുണ്ടാക്കുന്നത്, അത് കഴിക്കുന്നതിലൂടെ തന്നെ മറ്റുള്ളവരുടെ ഹൃദയം അലിയണം. അടിക്കടി ഓർമ്മ മറന്ന് പോകുന്നു. ബാബ പറയുന്നു മറക്കുന്നതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട് എന്തുകൊണ്ടെന്നാൽ നിങ്ങൾ 16 കലാ സമ്പൂർണ്ണരായി ഇപ്പോൾ മാറിയിട്ടില്ല. തീർച്ചയായും സമ്പൂർണ്ണമാകണം. പൗർണ്ണമി ചന്ദ്രനിൽ എത്ര പ്രകാശമാണുള്ളത്, പിന്നീട് കുറഞ്ഞ് കുറഞ്ഞ് നേർത്തൊരു വരയായി മാറുന്നു. ഘോരമായ അന്ധകാരമാകുന്നു പിന്നീട് അതിയായ പ്രകാശവും. ഈ വികാരം മുതലായവ ഉപേക്ഷിച്ച് ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങളുടെ ആത്മാവ് സമ്പൂർണ്ണമായി തീരും. നിങ്ങൾ ആഗ്രഹിക്കുന്നുണ്ട് മഹാരാജാവാകണമെന്ന് എന്നാൽ എല്ലാവർക്കും ആകാൻ സാധിക്കില്ല. പുരുഷാർത്ഥം എല്ലാവർക്കും ചെയ്യണം. ചിലരാണെങ്കിൽ ഒരു പുരുഷാർത്ഥവും ചെയ്യുന്നില്ല അതുകൊണ്ടാണ് മഹാരഥി, കുതിരസവാരി, കാൽനടക്കാർ എന്ന് പറയുന്നത്. മഹാരഥികൾ കുറച്ച് പേരായിരിക്കും ഉണ്ടായിരിക്കുക. പ്രജ അല്ലെങ്കിൽ പടയാളികൾ എത്രത്തോളം ഉണ്ടായിരിക്കുമോ അത്രത്തോളം കമാൻന്റർമാരും, മേജർമാരും ഉണ്ടായിരിക്കില്ല. നിങ്ങളിലും കമാന്റർമാരും, മേജർമാരും, ക്യാപ്റ്റൻമാരുമുണ്ട്. പടയാളികളുമുണ്ട്. നിങ്ങളുടേതും ഇത് ആത്മീയ സേനയല്ലേ. മുഴുവൻ ആധാരവും ഓർമ്മയുടെ യാത്രയിലാണ്. അതിലൂടെ മാത്രമാണ് ബലം ലഭിക്കുക. നിങ്ങളാണ് അറിയപ്പെടാത്ത യോദ്ധാക്കൾ. ബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മങ്ങളുടെ ഏതൊരു അഴുക്കാണോ ഉള്ളത് അത് ഭസ്മമാകുന്നു. ബാബ പറയുന്നു ജോലിവേലകളെല്ലാം ചെയ്യൂ. ബാബയെ ഓർമ്മിക്കൂ. നിങ്ങൾ ജന്മ-ജന്മാന്തരത്തെ ഒരു പ്രിയതമന്റെ പ്രിയതമകളാണ്. ഇപ്പോൾ ആ പ്രിയതമനെ ലഭിച്ചിരിക്കുന്നു വെങ്കിൽ ഓർമ്മിക്കണം. മുൻപും നന്നായി ഓർമ്മിച്ചിരുന്നു എന്നാൽ വികർമ്മം നശിച്ചിരുന്നില്ല. ബാബ പറഞ്ഞ് തന്നിട്ടുണ്ട് നിങ്ങൾക്ക്

തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമായി ഇവിടെ തന്നെ മാറണം. ആത്മാവിന് തന്നെയാണ് ആകേണ്ടത്. ആത്മാവ് തന്നെയാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ജന്മത്തിൽ നിങ്ങൾക്ക് ജന്മ-ജന്മാന്തരത്തെ അഴുക്കില്ലാതാക്കണം. ഇതാണ് മൃത്യുലോകത്തെ അന്തിമ ജന്മം പിന്നീട് പോകേണ്ടത് അമരലോകത്തിലേക്കാണ്. ആത്മാവിന് പാവനമാകാതെ പോകാൻ സാധിക്കില്ല. എല്ലാവരുടെയും കണക്കുകൾ ഇല്ലാതാകണം. പിന്നീട് അഥവ ശിക്ഷകൾ അനുഭവിക്കുകയാണെങ്കിൽ പദവി കുറയും. ആരാണോ ശിക്ഷകളനുഭവിക്കാത്തത് കേവലം അരെയാണ് മാലയുടെ 8 മുത്തുകളെന്ന് പറയുന്നത്. 9 രത്നങ്ങളുടെ മോതിരവും ഉണ്ടാകുന്നുണ്ട്. അങ്ങനെയെങ്കിൽ ബാബയെ ഓർമ്മിക്കുന്നതിന്റെ വളരെ പരിശ്രമം ചെയ്യണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുളള മുഖ്യ സാരം:-

1) സംഗമയുഗത്തിൽ സ്വയത്തെ ട്രാൻസ്ഫർ ചെയ്യണം. പഠിത്തത്തിന്റെയും പവിത്രതയുടെയും ധാരണയിലൂടെ തന്റെ സ്വഭാവം നല്ലതാക്കണം, സാക്ഷാത്ക്കാരം മുതലായവയുടെ ആശ വയ്ക്കരുത്.

2) ശരീര നിർവ്വഹാർത്ഥം കർമ്മവും ചെയ്യണം, ഉറങ്ങുകയും വേണം, ഹഠയോഗമല്ല, എന്നാൽ ഓർമ്മയുടെ യാത്രയെ ഒരിക്കലും മറക്കരുത്. യോഗയുക്തമായി ഇങ്ങനെയുള്ള ശുദ്ധമായ ഭക്ഷണം ഉണ്ടാക്കൂ കഴിപ്പിക്കൂ അത് കഴിക്കുന്നവരുടെ ഹൃദയം ശുദ്ധമാകണം.

## വരദാനം:- തന്റെ സൂക്ഷ്മ ശക്തികളിൽ വിജയിയാകുന്ന രാജഋഷി, സ്വരാജ്യ അധികാരി ആത്മായി ഭവിക്കൂ

കർമ്മേന്ദ്രിയ ജീത്താകുക സഹജമാണ് എന്നാൽ മനസ്സ്-ബുദ്ധി-സംസ്ക്കാരം ഈ സൂക്ഷ്മ ശക്തികളിൽ വിജയിയാകുക - ഇത് സൂക്ഷ്മ അഭ്യാസമാണ്. ഏത് സമയം ഏത് സങ്കൽപം, ഏത് സംസ്ക്കാരം ഉണർത്താൻ ആഗ്രഹിക്കുന്നോ ആ സങ്കൽപം, ആ സംസ്ക്കാരം സഹജമായും സ്വന്തമാകണം - ഇതിനെയാണ് പറയുന്നത് സൂക്ഷ്മ ശക്തികളിൽ വിജയം അർത്ഥം രാജഋഷി സ്ഥിതി. സങ്കൽപ ശക്തിക്ക് ആജ്ഞ നൽകുകയാണ് ഈ നിമിഷം ഏകാഗ്രചിത്തമാകൂ, അപ്പോൾ രാജാവിന്റെ ആജ്ഞ ആ നിമിഷം അതേപ്രകാരം അംഗീകരിക്കുക, ഇതാണ് - രാജ്യ അധികാരിയുടെ ലക്ഷണം. ഈ അഭ്യാസത്തിലൂടെ അന്തിമ പരീക്ഷയിൽ വിജയിക്കും.

## സ്ലോഗൻ:- സേവനങ്ങളിലൂടെ എന്ത് ആശീർവ്വാദങ്ങളാണോ ലഭിക്കുന്നത് ഇതാണ് ഏറ്റവും വലിയ നേട്ടം.